"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ കേരള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷൻ ഫയൽ ചെയ്ത O.A.(EKM) 138/2023 നമ്പർ കേസിന്റെ 24.01.2023 ലെ ഉത്തരവ് നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.190/2023/F&WLD തീയതി,തിരുവനന്തപുരം, 16-05-2023.

---

പരാമർശം:-

1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.10.2022 ലെ ഇ7-3124/2021 നമ്പർ കത്ത്.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A.(EKM) 138/2023 നമ്പർ കേസിൻമേലുള്ള 24.01.2023 ലെ ഉത്തരവ്.
3. കേരള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷൻ തൃശ്ശൂർ ജില്ലാ കമ്മിറ്റി പ്രസിഡന്റ് സമർപ്പിച്ച 22.02.2023 ലെ അപേക്ഷ.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.03.2023 ലെ ഇ7-750/2023 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിൽ നിയമനാധികാരികളല്ലാത്ത ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും സ്ഥലംമാറ്റം നൽകുന്നതിനെതിരെ കേരള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷനും ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. പ്രവീൺ.എ.നായരും ഫയൽ ചെയ്ത OA(EKM) 138/2023 നമ്പർ കേസിൻമേൽ, പരാതിക്കാർ സമർപ്പിച്ചിട്ടുള്ള Annexure A8 അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷിയായ സർക്കാർ 3,4 എതിർകക്ഷികളുമായി കൂടിയാലോചിച്ച് ഒരു മാസത്തിനകം തീരുമാനമെടുക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. നിയമനാധികാരികൾ അല്ലാത്ത ഡിവിഷണൽ ഫോറസ്റ്റ് ഓഫീസമാരും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും ജീവനക്കാരെ സ്ഥലം മാറ്റുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് 29.09.2021, 03.01.2022 തീയതികളിൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആയതിന് ഭേദഗതി വരുത്തി പരാമർശം (1) പ്രകാരം പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. പുതുക്കിയ നിർദ്ദേശം റദ്ദ് ചെയ്ത് 29.09.2021, 03.01.2022 തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശം പുനഃസ്ഥാപിക്കണമെന്നാണ് Annexure A8 അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

3. നിയമനാധികാരികൾ അല്ലാത്ത ഡിവിഷണൽ ഫോറസ്റ്റ് ഓഫീസമാരും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും ജീവനക്കാരെ സ്ഥലം മാറ്റുന്നതിന് കർശന നിയന്ത്രണം

ഏർപ്പെടുത്തിക്കൊണ്ട് 29.09.2021, 03.01.2022 തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശം ഫീൽഡിൽ പല വിധത്തിലുള്ള പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്നും അടിയന്തര സാഹചര്യങ്ങളിൽ ഭരണപരമായ ആവശ്യാർത്ഥം പോലും നടപടി സ്വീകരിക്കുന്നതിന് കഴിയുന്നില്ലെന്നും പരാതികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ്, 22.10.2022 ൽ പുതുക്കിയ നിർദ്ദേശം നൽകിയിട്ടുള്ളതെന്നും ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നിലവിൽ വന്നു കഴിഞ്ഞാൽ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കപ്പെടുമെന്നും പരാമർശം (4) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിയമനാധികാരികൾ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ ജീവനക്കാരെ ഏതു ഡിവിഷനിലിക്കാണോ ട്രാൻസ്ഫർ ചെയ്യേണ്ടത്, ആ ഡിവിഷനിലേയ്ക്ക് ജീവനക്കാരെ ട്രാൻസ്ഫർ ചെയ്തു ഉത്തരവ് ഇറക്കുകയും തുടർന്ന് ഡിവിഷനിൽ ഏതു സ്റ്റേഷനിലേയ്ക്കാണ് ട്രാൻസ്ഫർ ചെയേണ്ടത് എന്ന് തീരുമാനിക്കാനുള്ള അധികാരം ബന്ധപ്പെട്ട ഡി എഫ് ഒ മാർക്ക് നിശ്ചയിക്കാനുമുളള അധികാരമാണ് 22.10.2022 ലെ നിർദ്ദേശത്തിൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയിരുന്നത്. നിലവിൽ വനം വന്യജീവി വകുപ്പിൽ അപേക്ഷ ക്ഷണിച്ചിട്ടുള്ള ഓൺലൈൻ ട്രാൻസ്ഫർ സംവിധാനത്തിൽ ബന്ധപ്പെട്ട സ്റ്റേഷൻ/സെക്ഷൻ തന്നെ തിരഞ്ഞെടുക്കാൻ ജീവനക്കാർക്ക് സാധിക്കുന്നതാണ്. ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾക്കു അനുസൃതമല്ല പരാമർശം (1) കത്തിലുള്ള നിർദേശം.

5. പൊതു സ്ഥലം മാറ്റം സംബന്ധിച്ച 25.02.2017 ലെ സ.ഉ (പി) 3/2017/ഉ.ഭ.പ.വ നം സർക്കാർ ഉത്തരവ് പ്രകാരം, ഒഴിവുകളില്ലാത്ത കാരണത്താൽ സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ കഴിയാത്തതായ ജീവനക്കാർ സമർപ്പിച്ച ഓപ്ഷനുകൾ സ്റ്റേഷൻ സീനിയോറിറ്റിയുടെ ക്രമത്തിൽ ക്രമീകരിക്കേണ്ടതും, രണ്ട് പൊതുസ്ഥലം മാറ്റങ്ങൾക്കിടയിലുണ്ടാകുന്നതായ ഒഴിവുകൾ ഈ ക്യൂവിൽ നിന്നും നികത്തേണ്ടതുമാണ്. നിയമനാധികാരികൾ അല്ലാത്ത ഉദ്യോഗസ്ഥർക്ക് ജീവനക്കാരെ ട്രാൻസ്ഫർ ചെയ്യുന്നതിനു അനുമതി നൽകുന്നത് പൊതു സ്ഥാമാറ്റവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് തടസ്സം ഉണ്ടാക്കുന്നതാണ് എന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ, നിയമനാധികാരികൾ മാത്രമേ ജീവനക്കാരുടെ സ്ഥലമാറ്റം നടത്താവൂ എന്നുള്ളതിനാൽ, നിയമനാധികാരികളല്ലാത്ത ഡി എഫ് ഒ മാർക്ക് സ്ഥലംമാറ്റുന്നതിന് അധികാരം നൽകിക്കൊണ്ടുള്ള പരാമർശം (1) കത്തിലെ നിർദേശം പിൻവലിക്കുന്നതിനു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദേശം നൽകികൊണ്ടും, അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ജില്ലാ പ്രഡിന്റ്, കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ, KFPSA ജില്ലാ കമ്മിറ്റി ഓഫീസ്, KFPSA ബിൽഡിംഗ്, മണ്ണുത്തി പി ഒ, തൃശ്ശൂർ- 680 657.
ശ്രീ പ്രവീൺ എ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ചാപ്ര റേഞ്ച്, ചാലക്കുടി.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 16-05-2023 14:04:39
സെക്ഷൻ ഓഫീസർ